പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3097 — 19-06-2018-ലെ മറുപടിയ്ക്ക്

# കാർഷിക ഇൻഷുറൻസ് പദ്ധതി ക്ലെയിം തുക ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കേന്ദ്ര സർക്കാരിന്റെ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2016-17 കാലയളവിൽ പാലക്കാട് -തൃശ്ശൂർ ജില്ലകളിലെ നെൽ കർഷകർ അടച്ച ഇൻഷ്വറൻസ് പ്രീമിയം തുക എത്രയാണ്; | **(എ)** 2016-17 കാലയളവിൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന 156.41133 ലക്ഷം രൂപയും, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന 139.11668 ലക്ഷം രൂപയും പ്രീമിയമായി പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ നെൽകർഷകർ അടച്ചിട്ടുണ്ട്. |
| **(ബി)** കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ഈ പദ്ധതിയിൽ പ്രീമിയം സബ്സിഡി ഇനത്തിൽ പാലക്കാട് -തൃശ്ശൂർ ജില്ലകളിലെ കർഷകരുടെ വിഹിതമായി അടക്കേണ്ട തുക എത്രയാണ്; | **(ബി)** പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കർഷകരുടെ വിഹിതമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 883.33805 ലക്ഷം രൂപ വീതം നൽകുവാനുണ്ട്. |
| **(സി)** കേരള സർക്കാർ വിഹിതം അടക്കാത്തതിനാൽ പാലക്കാട് -തൃശ്ശൂർ ജില്ലകളിലെ നെൽ കർഷകർക്ക് ക്ലെയിം ഇനത്തിൽ ലഭിക്കേണ്ട ഏകദേശം 21 കോടി രൂപ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(സി)** ഉണ്ട്. |
| **(ഡി)** 2016-17 വർഷക്കാലയളവിൽ കേരള സർക്കാർ അടക്കേണ്ട പ്രീമിയം അടച്ച് കർഷകർക്ക് ലഭിക്കേണ്ട ക്ലെയിം തുക ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | **(ഡി)** 2016-17 റാബി കാലയളവിൽ, പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകാനുണ്ടായിരുന്ന 111.74108 ലക്ഷം രൂപയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകാനുണ്ടായിരുന്ന 912 ലക്ഷം രൂപയും ചേർത്ത് ആകെ 1023.74108 ലക്ഷം രൂപ 05.06.2018-ലെ സ.ഉ.(സാധാ) നം.520/2018/കൃഷി |

നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അതാത് നിർവ്വഹണ ഏജൻസികൾക്ക് നൽകുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ